# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ (പി.കെ.ഡി) പി - 16/1780/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ (പി.കെ.ഡി) പി - 16/1780/2023 തീയ്യതി: 13/12/2023

## പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-02-2023 മുതൽ 19-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-10-2023 | 31-10-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.ആർ.പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)

ശ്രീമതി.എ.നസീറാ ബാനു,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.വി.ആർ.ഷീജ,സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ഗീത കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ.കെ.അബ്ദുൾ ലത്തീഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.സി.സി.പൗലോസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 17-04-2022 |
| ശ്രീമതി.ഒ.അമ്പിളി | സെക്രട്ടറി | 18-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശാലിനി.സി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ദീപ .യു.വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.വിഷ്ണു.എസ്.വി | അസി.എഞ്ചിനീയർ | 01-04-2022 | 29-07-2022 |
| ശ്രീമതി.മരിയ ജോസ് വി | അസി.എഞ്ചിനീയർ | 30-07-2022 | 31-03-2023 |
| ശ്രീ.സന്തോഷ് കുമാർ കെ.വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രേമ ടി.കെ | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ.സുരേഷ്കുമാർ എ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2022 | 05-05-2022 |
| ശ്രീ.കെ.സി.അജിത് | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 06-05-2022 | 31-03-2023 |
| ഡോ.ഐ.മൊയ്തീൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ശ്രീഹരി മേനോൻ | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.സ്മൃതി.പി.എസ് | മെഡിക്കൽ ഓഫിസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീലത സി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 04-05-2022 |
| ശ്രീമതി.ജിനുജ എസ്.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 05-05-2022 | 31-03-2023 |
| ഡോ.ശ്രീലക്ഷ്മി എം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഉഷ എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-01-2023 |
| ഒഴിവ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-02-2023 | 14-02-2023 |
| ശ്രീമതി.ഉഷ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഡെപ്പോസിറ്റ് രജിസ്റ്റർ & അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 1-1-1 |
| 3 | MGNREGS അഡ്മിൻ വരവ് രണ്ടു തവണ വരവായി ഉൾപ്പെടുത്തി | 1-1-2 |
| 4 | ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-4 |
| 6 | വാർഷിക സംക്ഷിപ്തം തയ്യാറാക്കിയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല | 1-1-6 |
| 8 | B-4 ഷെഡ്യൂളിൽ സംയുക്ത പ്രോജക്റ്റിനുള്ള നീക്കിയിരിപ്പ് തുക ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപ്പെൻഷൻ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | വസ്തു നികുതി പരിഷ്കരണം- അവലോകനം | 1-11 |
| 20 | മൊബൈൽ ടവറുകളുടെ വസ്തു നികുതി | 1-12 |
| 21 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-13 |
| 22 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-13-1 |
| 23 | ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള ഫ്യുവൽ സ്റ്റേഷൻ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-13-2 |
| 24 | ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് | 1-13-3 |
| 25 | സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 1-13-4 |
| 26 | ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ 7 വാടക മുറികൾ ഒഴിഞ്ഞുകിടക്കുന്നു. | 1-14 |
| 27 | ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 1-15 |
| 28 | ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല | 1-16 |
| 29 | അമൃതം ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല | 1-17 |
| 30 | ഫർണിച്ചറുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല | 1-18 |
| 31 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-19 |
| 32 | ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകങ്ങൾ | 1-20 |
| 33 | എസ്. സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പഠനം പൂർത്തിയാക്കിയവർക്ക് ലാപ്ടോപ്പ് നൽകി | 1-21 |
| 34 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് അനുവദനീയമല്ലാത്ത ഇനങ്ങൾക്കായി ചെലവഴിച്ചു | 1-22 |
| 35 | തെരുവ് വിളക്ക് പരിപാലനം- കാര്യക്ഷമമാക്കേണ്ടതാണ് | 1-23 |

| | | |
|---|---|---|
| 36 | ക്ഷേമ പെൻഷൻ - ഗുണഭോക്താക്കളുടെ നിലവിലെ സ്റ്റാറ്റസ് കാലികമാക്കിയിട്ടില്ല. | 1-24 |
| 37 | അങ്കണവാടി നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 38 | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ -വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-26 |
| 39 | വനിത ജിംനേഷ്യം - തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 40 | കോക്ലിയർ ഇംപ്ലാൻറ്റേഷൻ തുടർ ചികിത്സ ധനസഹായം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-28 |
| 41 | SCP വിഭാഗത്തിൽ ഉൾപ്പെടുത്തി പശ്ചാത്തല മേഖലയിൽ തൻവർഷം പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല | 1-29 |
| 42 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല | 1-30 |
| 43 | കാർഷിക മേഖലയിലെ പ്രോജക്റ്റുകളുടെ നിർവ്വഹണം - അവലോകനം | 1-31 |
| 44 | ഫർണീച്ചറുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല | 1-32 |
| 45 | വീട് വാസയോഗ്യമാക്കൽ - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-33 |
| 46 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-34 |
| 47 | ഹോമിയോ ആശുപത്രിയിലേക്ക് മുഴവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് ചെയ്ത വരവ് ചെലവ് പത്രികകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 6(1)- 5/7/2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വല്ലപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്. 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വല്ലപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 13.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ഡെപ്പോസിറ്റ് രജിസ്റ്റർ & അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

### 1-1-2 MGNREGS അഡ്മിൻ വരവ് രണ്ടു തവണ വരവായി ഉൾപ്പെടുത്തി

I -6 ൽ MGNREGS ന്റെ വരവായി കാണിച്ചിരിക്കുന്ന തുകയിൽ Admin ചെലവ് (1614505/-രൂപ)2 തവണ ചേർത്തിരിക്കുന്നു. യഥാർത്ഥ തുക 17661014/- രൂപയാണ്. എന്നാൽ I- 6 ൽ 19275519/- എന്നാണ്

വരവായി രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-3 ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല**

B-5 പ്രകാരം Secured Loan 3312041/- രൂപയാണ്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

**1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3723086/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) 595449/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-5 വാർഷിക സംക്ഷിപ്തം തയ്യാറാക്കിയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.**

ലൈസൻസ് രജിസ്റ്റർ, ബിൽഡിംഗ് റെന്റ് രജിസ്റ്റർ എന്നിവയിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയതിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ (ജീവനക്കാരുടെ)വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-1-6 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല**

2011 ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.[ചട്ടം 62 (ഇ) (എഫ്)].

**1-1-7 B-4 ഷെഡ്യൂളിൽ സംയുക്ത പ്രോജക്ടിനുള്ള നീക്കിയിരിപ്പ് തുക ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 495712/- (491981+3731) രൂപയാണ്. RP40(b), B17 ഷെഡ്യൂൾ എന്നിവ പ്രകാരം ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നീക്കിയിരിപ്പില്ല.

**1-1-8 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ ആസ്തികളുടെ കൃത്യത ഉറപ്പാക്കാനായില്ല.

**1-2 ബജറ്റ്**

2022-23വർഷത്തെ ബജറ്റ് 30/03/2022 തിയതിയിലെ തീരുമാനം 3(1) പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട്. (തീരുമാനം 5(1)/08-03-2023). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 6059347 | 183463000 | 189522347 | 175335000 | 14187347 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 20364446 |
| വരവ് | 42907106 |
| ആകെ | 63271552 |

| | |
|---|---|
| ചെലവ് | 39184020 |
| നീക്കിയിരിപ്പ് | 24087532 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 17128980 | 17128980 | 14925858 | 2203122 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 6806000 | 6806000 | 6079129 | 726871 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 8831000 | 8831000 | 7888260 | 942740 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 5075000 | 5075000 | 3810521 | 1264479 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Untied Treasury | 0 | 751189 | 751189 | 248106 | 503083 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Untied Bank | 1696934 | 3425472 | 5122406 | 2580471 | 2541935 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied Treasury | 0 | 4692521 | 4692521 | 468917 | 4223604 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied Bank | 4260344 | 4672000 | 8932344 | 2552944 | 6379400 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| MGNREGS | 190 | 17660824 | 17661014 | 17661014 | 0 |
| TSC | 546246 | 35907 | 582153 | 0 | 582153 |
| ICDS | 674284 | 1477438 | 2151722 | 502836 | 1648886 |
| National Rural Health Mission (Infrastructure PHC) | 0 | 261501 | 261501 | 64070 | 197431 |
| National Health Mission (Health & Wellness) | 0 | 120963 | 120963 | 96702 | 24261 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| Suchitwa Mission | 935000 | 0 | 935000 | 0 | 935000 |
| സംസ്ഥാന ലൈഫ് മിഷൻ ഗ്രാന്റ് | 0 | 930000 | 930000 | 900000 | 30000 |

* ACR പ്രകാരമുള്ള വികസന ഫണ്ട് വരവിൽ Source Deduction തുക ഉൾപ്പെട്ടിട്ടില്ല.

** MGNREGS വരവായി AFS ലെ I-6 പ്രകാരം കാണിച്ചിരിക്കുന്ന തുകയിൽ Admin ഇനത്തിലെ ചെലവ് 1614505 രൂപ രണ്ടു തവണ ഉൾപ്പെടുത്തിയതിനാൽ ആയത് കുറച്ചാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 260 | 96860457 | 210 | 49549195 | 0 | 50 | 80.76 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 32 | 30 | 7472010 | 6437050 | 86.14 |
| വി.ഇ.ഒ | 15 | 14 | 29570600 | 6006860 | 20.31 |
| ICDS സൂപ്പർവൈസർ | 8 | 7 | 6787400 | 5205973 | 76.70 |
| സെക്രട്ടറി | 42 | 30 | 11432630 | 6671584 | 58.35 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 124 | 90 | 30084204 | 15811343 | 52.55 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 7 | 1786361 | 1520665 | 85.12 |
| മെഡിക്കൽ ഓഫീസർ-ISM | 3 | 3 | 1000000 | 1000000 | 100 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 400000 | 400000 | 100 |
| വെറ്ററിനറി സർജൻ | 4 | 4 | 1610090 | 1183590 | 73.51 |
| അസി.സെക്രട്ടറി | 16 | 14 | 5408162 | 4512325 | 83.43 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 700000 | 525000 | 75 |
| ഹെഡ് മിസ്ട്രസ് | 5 | 5 | 210000 | 190954 | 90.93 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 399000 | 83851 | 21 |
| ആകെ | 260 | 210 | 96860457 | 49549195 | 51.15 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 13278509 | 13278509 | 13278509 | 0 |
| മെറ്റീരിയൽ വില | 0 | 2768000 | 2768000 | 2768000 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 190 | 1614315 | 1614505 | 1614505 | 0 |
| ആകെ | 190 | 17660824 | 17661014 | 17661014 | 0 |

## 1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1724600 | 1268 |
| വിധവാപെൻഷൻ | 15580200 | 10066 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 29,220,600 | 19956 |
| വികലാംഗപെൻഷൻ | 4,817,400 | 3098 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 971800 | 618 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/10/23 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 307/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കിയിട്ടില്ല.

7. ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ- ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല).

8. എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2022 നവമ്പർ-ഡിസംബർ മാസത്തെ ഓഡിറ്റാണ് പെർഫോമൻസ് ഓഡിറ്റ് അവസാനമായി നടത്തിയത്. ഈ റിപ്പോർട്ട് പ്രകാരം ഖണ്ഡിക കൾഒന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.
2004-05 മുതൽ 2008-09 വരെയുള്ള കാലയളവിലെ ഓഡിറ്റ് അക്കൗണ്ടന്റ് ജനറൽ 22.07.2009 മുതൽ 3-8-2009 വരെയുള്ള തിയ്യതികളിലായി നടത്തിയിട്ടുണ്ട്. തീർപ്പാക്കാൻ പരാമർശങ്ങൾ ഒന്നും നിലവിലില്ല.

## 1-11 വസ്തു നികുതി പരിഷ്കരണം- അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് 5 വർഷത്തേക്ക് 22.03.2023 ലെ സ.ഉ.(കൈ) നമ്പർ 77/2023/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം 25% വർദ്ധനവ് വരുത്തിയാണ് നികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും സർക്കാർ ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തു നികുതി നിർണ്ണയ നടപടികളും വസ്തു നികുതി നിർണ്ണയത്തിനു ശേഷം തറ വിസ്തീർണത്തിനും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തു നികുതിയിൽ നല്കാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

5/04/2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/2023/തസ്വഭവ എസ് ആർ നമ്പർ 479/2023 വിജ്ഞാപന പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപയോഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാനത്തിൽ വസ്തു നികുതി നിരക്കുകൾ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2023 ഏപ്രിൽ 1 മുതൽ അഞ്ചു വർഷ കാലയളവ് പൂർത്തിയാകുന്നതുവരെ തുടർന്നുള്ള ഓരോ വർഷവും ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ 5 % വീതം വർദ്ധനവ് വരുത്തുന്നതാണെന്നും വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ സഞ്ജയഡാറ്റാ ബേസ് പ്രകാരം 16 വാർഡുകളിലായി 11635 കെട്ടിടങ്ങളാണ് ഉള്ളത്. ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

1.) അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കൽ

സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/10-4-2023) 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും 19/05/2023 തീയതിയിലെ ഭരണസമിതിയുടെ 5(2) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കരട് വിജ്ഞാപനം ദേശാഭിമാനി പത്രത്തിൽ പരസ്യം ചെയ്തിട്ടുണ്ട്.

കരട് വിജ്ഞാപനത്തിനു ശേഷം ആക്ഷേപമില്ലെങ്കിൽ 30 ദിവസത്തിനു ശേഷം ഭരണസമിതിയുടെ അംഗീകാരത്തിനു ശേഷം വസ്തു നികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയിൽ മാറ്റം വരുത്താവുന്നതാണ്.

ആക്ഷേപങ്ങൾ ലഭ്യമാകാത്തതിനാൽ 5/07/23 തീയതിയിലെ ഭരണസമിതിയുടെ 2(1)നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2.)വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ, വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്/ഇളവ് നല്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 6/

25-10-23 ന് മറുപടിയായി വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലും മേഖല തിരിച്ചും വിജ്ഞാപനം നടത്തിയതായി അറിയിച്ചിട്ടുണ്ട് ( 19/05/23 ലെ ഭരണസമിതി തീരുമാനം. 2/1). ആയത് നോട്ടീസ് ബോർഡിലും പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്

3.)വിവരശേഖരണവും ഡാറ്റാ എൻട്രിയും

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഐ.ടി.ഐ/ ഐ.ടി.സി/സിവിൽ -ഡിപ്ലോമ/സിവിൽ സർവ്വെയർ എന്നീ യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാന പ്രകാരം ഒരു കെട്ടിട നമ്പരിന് 30/- രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്.

കെട്ടിടങ്ങളെ സംബന്ധിച്ച് വിവര ശേഖരണത്തിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് പത്രത്തിൽ പരസ്യം ചെയ്തിട്ടുണ്ടെങ്കിലും വിവര ശേഖരണത്തിന് ആരും തന്നെ സന്നദ്ധരായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ മാറ്റം വരുത്തുകയോ ചെയ്തത് സംബന്ധിച്ച് കെട്ടിട ഉടമകൾ നല്കുന്ന അറിയിപ്പ് (ഫോറം 9ബി) 160 എണ്ണം അപേക്ഷകളാണ് ഗ്രാമപഞ്ചായത്തിന് നിലവിൽ ലഭിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവനഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയെപ്പറ്റി ഭരണസമിതിക്ക് തീരുമാനമെടുക്കാവുന്നതാണ്. ആയത് പരിഗണിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തിയതായി അറിയിച്ചിട്ടുണ്ട്.
22.03.2023 തീയതിയിലെ സ.ഉ.(കൈ)നം.77/2023/LSGD ഉത്തരവ് പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കേണ്ടതാണ്.

1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി

A) Indus Tower LTD, 8th Floor, Vankarath Towers, NH ബൈ- പാസ്,പാലാരിവട്ടം , ഇടപ്പള്ളി(പി.ഒ), എറണാകുളം എന്ന സ്ഥാപനത്തിന് സർവ്വേ / റീ- സർവ്വേ നം. S-R-136/ 1 ൽ (Near 14/356) ഒരു ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിന് 01/11/2022 തീയതിയിൽ A2-BA(341579)/2022നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു (ഫയൽ നം: Sc2/2126/2022 Dt 27/09/2022 ). പ്രസ്തുത ടവറിന്റെ പെർമിറ്റ് കാലാവധി 31/10/2023-ന് അവസാനിക്കുന്നതാണ്.

പ്രസ്തുത മൊബൈൽ ടവറിന്റെ കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നും മൊബൈൽ ടവറിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 8-26/10/2023 ന് കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലയെന്നും ആയതിന്റെ നിർമ്മാണം തുടങ്ങിയിട്ടില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

B) ഗ്രാമപഞ്ചായത്തിന്റെ സമീപത്തുള്ള നാല് , പതിനാല് എന്നീ വാർഡുകളിലായി 3 മൊബൈൽ ടവറുകൾ സ്ഥിതിചെയ്യുന്നുണ്ട്. സഞ്ചയ ഡാറ്റ പരിശോധിച്ചതിൽ ഈ വാർഡുകളിൽ നമ്പർ അനുവദിച്ചിട്ടില്ല. പ്രസ്തുത ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരവും അവ ഏതെല്ലാം മൊബൈൽ ടവറുകളാണെന്ന് വ്യക്തമാക്കാനും ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 8-26/10/2023 ന് നിലവിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല എന്നുള്ള മറുപടി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അവ പ്രവർത്തിക്കുന്നവയാണെന്നോ അവ ഏതെല്ലാമാണെന്നോ വ്യക്തമാക്കിയിട്ടില്ല.
ഫീൽഡ് പരിശോധന നടത്തി മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ ക്രമവത്ക്കരിക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യിയു, 235 എഎ എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

C) സർക്കുലർ നമ്പർ 40395/ആർ.സി.2/2014 തസ്വഭവ തീയതി 19-10-2014 പ്രകാരം മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നല്കിയിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ അനധികൃതമായി

പ്രവർത്തിച്ചുവരുന്ന മൊബൈൽ ടവറുകൾ ഇല്ല എന്ന് ഉറപ്പാക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ്/ ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം കൂടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് ഫീൽഡ് പരിശോധന നടത്തിയിട്ടില്ല എന്നും അനധികൃത മൊബൈൽ ടവറുകൾ ഉണ്ടെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഫീൽഡ് പരിശോധന നടത്തി മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ ക്രമവത്ക്കരിക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ലിയു, 235 എഎ എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

2022-23 സാമ്പത്തിക വർഷത്തിൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചതിന്റെ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ പറയുന്നു.

### 1-13-1 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

സഞ്ചയയിലെ ഡാറ്റ പ്രകാരം 1866 കെട്ടിടങ്ങൾക്ക് വ്യാപാര വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും 274 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

സ്ഥാപനങ്ങളുടെ അടിസ്ഥാന വിവരം ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം 19/30-10-23).
ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് നിർദ്ദേശം

വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്ന വിവരശേഖരണത്തിന്റ അടിസ്ഥാനത്തിൽ ആകെയുള്ള വാണിജ്യ കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ നടത്തുന്നത്, ഒഴിഞ്ഞ് കിടക്കുന്നത്, ലൈസൻസ് എടുത്തവ എന്നീ അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

### 1-13-2 ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള ഫ്യുവൽ സ്റ്റേഷൻ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ 'അൽ- ഹിലാൽ പെട്രോലിയം ഏജൻസി' എന്ന പേരിൽ 13/568 A കെട്ടിടത്തിൽ ഫ്യുവൽ സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. സഞ്ചയ ഡാറ്റ പ്രകാരം ഈ കെട്ടിടം ഷോപ്പ് എന്ന ഉപയോഗക്രമത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. പഞ്ചായത്തിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയിൽ ഈ ഫ്യുവൽ സ്റ്റേഷനിൽ നിന്ന് ഇന്ധനം നിറച്ചതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ടി സ്ഥാപനം ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്

സ്ഥാപനത്തെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 19/30-10-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13-3 ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ്

ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് ഫീസ് എന്ന ശീർഷകത്തിൽ വരവൊന്നും രേഖപ്പെടുത്തിയിട്ടില്ല. FTE&OS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ റസിയ, പുല്ലാട്ടിൽ, ചുണ്ടംമ്പറ്റ എന്നവർക്ക് കോഴി വളർത്തി വില്പന നടത്തുന്നതിനായി ലൈസൻസ് അനുവദിച്ച ഇനത്തിൽ 1000 രൂപ വരവ് ലഭിച്ചിട്ടുണ്ട്. (ലൈസൻസ് നമ്പർ 270/2022-23/A6/JC1/493/2023 Dt 16/03/23)

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് രജിസ്റ്ററും സൂക്ഷിക്കുന്നില്ല. (ഓഡിറ്റ് അന്വേഷണം 19/30-10-23)

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫാമുകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടപ്രകാരമുള്ള നടപടി ക്രമം പാലിക്കേണ്ടതാണ്.

### 1-13-4 സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ടിലെ 270-ാം വകുപ്പ് പ്രകാരവും, 1997 ലെ കേരളപഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ ടി സ്ഥാപനങ്ങൾ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം പട്ടിക 1, ക്രമ നമ്പർ 143 - ൽ പ്രതിപാദിച്ചതിൻ പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി ലൈസൻസ് എടുക്കേണ്ടതുമാണ്. Registration Fee From Private Hospital & Paramedical Institutions(കോഡ്-140100102) ഇനത്തിൽ 150 രൂപയാണ് ലഭ്യമായിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ നടത്തിപ്പിനായി പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല. (ഓഡിറ്റ് അന്വേഷണം 19/30-10-23)

| ക്രമ നം. | സ്ഥാപനം | സ്ഥാപന ഉടമ |
|---|---|---|
| 1 | ഹയാത്ത് ഹൈ ടെക് ലാബ്<br>ലൈസൻസ് രജിസ്റ്റർ ക്രമനമ്പർ -176 | മീരാൻ ഹാജി |
| 2 | ഹൈ ടെക് ലാബോറട്ടറി പോളി ക്ലിനിക്<br>ലൈസൻസ് രജിസ്റ്റർ ക്രമനമ്പർ -202 | അബ്ദുൾ മജീദ്. വി |

1997 ലെ കേരള പഞ്ചായത്ത് രാജ്(സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ ഫീ - 200/- രൂപയും (ചട്ടം 3(2)) പുതുക്കുന്നതിന് 50/- രൂപയുമാണ് (ചട്ടം 5(1)) ഈടാക്കേണ്ടത്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എല്ലാ വർഷവും രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

### 1-14 ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ 7 വാടക മുറികൾ ഒഴിഞ്ഞുകിടക്കുന്നു.

ഗ്രാമപഞ്ചായത്ത് മുൻവർഷങ്ങളിൽ 13 മുറികളാണ് വാടകയ്ക്ക് നല്കിയിട്ടുള്ളത്. ആയതിൽ 6 മുറികളാണ് നിലവിൽ വാടകയ്ക്ക് നല്കിയിട്ടുള്ളത്.

വാടക രജിസ്റ്റർ പ്രകാരം 4/336D, 4/336E, 4/336H, 4/336J, 4/336L, 4/336P,4/336 N എന്നീ കെട്ടിട മുറികൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. വാടക മുറികൾ ഒഴിച്ചിട്ടതുമൂലം വാടകയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാകാൻ കാരണമാകുന്നു.

ഈ വാടക മുറികൾ മറ്റ് ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരവും

ഒഴിഞ്ഞ വാടകമുറികൾ പുനർലേലം ചെയ്യാതിരുന്നതിന്റെ കാരണവും വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം 18-28/10/23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കടമുറികൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

**1-15 ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല**

**1. ക്ഷീരോൽപാദക സഹകരണസംഘത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.**

തൊഴിൽ നികുതി റിട്ടേൺസ് ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ ചെവിക്കൽപ്പടി ക്ഷീരോൽപ്പാദക സഹകരണസംഘത്തിൽ നിന്നും 1 & 2 അർദ്ധ വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. ഗ്രാമപഞ്ചായത്തിന്റെ ക്ഷീരകർഷകർക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഈ സംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിച്ചിട്ടുമുണ്ട്. തൊഴിൽ നികുതി ഈടാക്കാത്തതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം 22-30/10/23 ന് ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

**2. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല**

തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ, ലൈസൻസ് അപേക്ഷകൾ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ എന്നിവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ |
|---|---|---|---|
| 1 | ഫ്രെയിം റോക്ക് ജിപ് പ്രൊഫൈൽ ഇന്ത്യ ലിമിറ്റഡ് ലൈസൻസ് നമ്പർ86/2022-23 /A6/1624/22 തീയതി 18/01/23 | 10 | 86 |

ഓഡിറ്റ് അന്വേഷണം 22-30/10/23 ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ ഈടാക്കി അറിയിക്കേണ്ടതാണ്.

**1-16 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല**

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ- ടെന്റർ നടത്തിയ വകയിൽ പഞ്ചായത്തിനു

ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ച വന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ -SBI, വല്ലപ്പുഴ ബ്രാഞ്ചിൽ 30354712569 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 817483/-രൂപ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ആയത് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി 23/31.10.23]

**1-17 അമൃതം ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല**

2022-23 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാരം എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ**

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 4/23 | അങ്കണവാടി കുട്ടികൾക്ക് പോഷകാഹാരം-ജനറൽ | 3761100/-(വികസന ഫണ്ട് പൊതു വിഭാഗം- 2561100/- + കേന്ദ്രാവിഷ്കൃത ഫണ്ട്- 1200000/-) | 2684074/-(വികസന ഫണ്ട് പൊതു വിഭാഗം)<br>വിവിധ ട്രഷറി ബില്ലുകൾ പ്രകാരം |

മേൽ പ്രോജക്ടിന്റെ ഭാഗമായി അങ്കണവാടികളിലേക്കുള്ള വിവിധ ഭക്ഷ്യവസ്തുക്കൾ വാങ്ങിയിട്ടുണ്ട്. ആയതിൽ അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത് പൌർണമി അമൃതം ഫുഡ്സ്, കുടുംബശ്രീ യൂണിറ്റ്, കവളപ്പാറ,ഷൊർണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നാണ്. ന്യൂട്രിമിക്സ് വിതരണം ചെയ്ത വകയിൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. ചെലവുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (5% ജി.എസ്.ടി ഉൾപ്പെടെ) | ബിൽ നം. / തീയതി |
|---|---|---|---|
| 1 | 333/23.01.2022 | 69899 | 5/01.08.2022 |

GST IN- 32AAOFP8529R1ZB

2017 ലെ സി.ജി.എസ്.ടി ആക്ട് / എസ്.ജി.എസ്.ടി ആക്ട് എന്നിവയിലെ വകുപ്പ് 51 (1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

മേൽ പറഞ്ഞ ബിൽ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും നിയമാനുസൃത ജി.എസ്.ടി കുറവു ചെയ്യാതെ മുഴുവൻ തുകയും നൽകിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/21.10.2023) ലഭ്യമാക്കിയ മറുപടിയിൽ അടുത്ത സാമ്പത്തിക വർഷം മുതൽ ജി.എസ്.ടി കുറവാക്കുന്നതാണ് എന്നാണ് അറിയിച്ചിരിക്കുന്നത്.

സ്ഥാപനത്തിന് തുക അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും നിയമാനുസൃത ജി.എസ്.ടി കുറവു

ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-18 ഫർണിച്ചറുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല**

ICDS സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി "വയോജനങ്ങൾക്ക് കട്ടിൽ വിതരണം" എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | 75/23-വയോജനങ്ങൾക്ക് കട്ടിൽ വിതരണം (Spill Over) |
| അടങ്കൽ | 500000 /- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 499205/- |
| ബിൽ നം. | 3/26.07.2022 |

ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 496/23.03.2022 പ്രകാരം 119 കട്ടിൽ ലഭ്യമായിട്ടുണ്ട്. തുക പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 37084134400) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖേന സമാഹരിക്കേണ്ടതാണെന്ന വ്യവസ്ഥ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കട്ടിൽ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല. GeM മുഖേന വാങ്ങുന്നതിന് സാങ്കേതിക തടസ്സം ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുമില്ല. സർക്കാർ നിർദ്ദേശിച്ച മാർഗ്ഗങ്ങളിലൂടെയുള്ള വാങ്ങലിന് പ്രയാസം നേരിടുന്നപക്ഷം ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു.

സ.ഉ(പി)നം. 259/2010/LSGD തിയതി 08-11-2010 പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനം മുഖേന നേരിട്ടാണ് പർച്ചേസ് നടത്തിയിരിക്കുന്നത്.

ഇത്തരത്തിൽ പർച്ചെയ്സ് നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21.10.2023) ലഭ്യമാക്കിയ മറുപടിയിൽ തുടർന്നുള്ള വർഷങ്ങളിൽ GeM മുഖേന വാങ്ങുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്.

25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖേന വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്**

സ.ഉ(സാധാ)നം.553/2019/തസ്വഭവ തിയതി 7-3-2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാൻസർ രോഗികൾ, കിടപ്പ് രോഗികൾ, പ്രായമായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ മുതലായ ദീർഘകാല പരിചരണം ആവശ്യമായ രോഗികളുടെ പരിചരണത്തിനായി രൂപീകരിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് വിലയിരുത്തൽ താഴെ ചേർക്കുന്നു.

**എ) പരിചരണം ആവശ്യമായ രോഗികളുടെ വിവരം**

ഗ്രാമപഞ്ചായത്തിൽ പ്രധാനമായും താഴെ പറയുന്ന രോഗികൾക്കാണ് പരിചരണം നൽകി വരുന്നത്.

തുടർ പരിചരണം (Follow Up) ആവശ്യമായവർ - 156 (60 വയസിന് താഴെ പ്രായമുള്ള തീരെ കിടപ്പിലായവർ - 47 + 60 വയസിന് മുകളിൽ പ്രായമുള്ള തീരെ കിടപ്പിലായവർ - 109)

മേൽ സൂചിപ്പിച്ചവരിൽ മെഡിസിൻ സപ്പോർട്ട് ആവശ്യമുള്ളവർ 60 പേരും ഫിസിയോ തെറാപ്പി ആവശ്യമായവർ 10 പേരും സെക്കണ്ടറി കെയർ ആവശ്യമായവർ 10 പേരും ക്യാൻസർ രോഗികൾ 37പേരും വൃക്ക രോഗികൾ 21 പേരും നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ 4 പേരും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ 10 പേരും ഡ്രസിംഗ് ആവശ്യമായവർ 4 പേരും ഉൾപ്പെടുന്നുണ്ട്.

**ബി) പാലിയേറ്റീവ് പ്രോജക്ട്**

തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (FHC)

**21/23– സാന്ത്വന പരിചരണം –സുകൃതം**

അടങ്കൽ 1000000/- (വികസന ഫണ്ട് 654600/- +തനത് ഫണ്ട് 345400/-)

ചെലവ് - 999681/- (വിവിധ ബില്ലുകൾ പ്രകാരം)

**സി) നോമിനൽ രജിസ്റ്ററും ഹോം കെയർ റിപ്പോർട്ട് ബുക്കും**

രോഗികളുടെ വിവരം അടങ്ങിയ നോമിനൽ രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.ഹോം കെയർ സന്ദർശനം നടത്തിയതിന്റെ റിപ്പോർട്ട് വിശദമായി തയ്യാറാക്കിയിട്ടുണ്ട്.

**ഡി) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC)**

ഓരോ സാമ്പത്തിക വർഷാവസാനത്തിനുമുമ്പും പി.എം.സി രൂപീകരിക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ട്. വിവിധ റിപ്പോർട്ടുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. തൻവർഷം പി.എം.സി മൂന്ന് തവണ യോഗം ചേർന്നിട്ടുണ്ട്.

**ഇ) പഞ്ചായത്ത്തല അവലോകന യോഗം**

പഞ്ചായത്ത് തലത്തിൽ എല്ലാ മാസവും ഹെൽത്ത് റിവ്യൂ നടക്കുന്നുണ്ട്.

**എഫ്) വിഭവ സമാഹരണം**

മാർഗ്ഗരേഖയിലെ ഖ.2.12 പ്രകാരം പാലിയേറ്റീവ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മറ്റ് സംഭാവനകൾ ഉൾപ്പെടെയുള്ള ഫണ്ടുകൾ സ്വീകരിക്കാവുന്നതും ആയതിനായി പി.എം.സി ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കാവുന്നതുമാണ്. എന്നാൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

സ്പോൺസർഷിപ് മുഖേന ഉപകരണങ്ങൾ ലഭ്യമാക്കി രോഗികൾക്ക് നൽകി വരുന്നുണ്ട്.

**ജി) മോണിറ്ററിംഗ്**

ഗ്രാമപഞ്ചായത്ത്തലത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പാലിയേറ്റീവ് കെയർ ഒരിനമായി ചർച്ച ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള ചർച്ചകൾ നടന്നിട്ടില്ലെന്ന് മിനിട്സ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഭരണസമിതി വർഷത്തിലൊരിക്കലെങ്കിലും വിലയിരുത്തൽ നടത്തേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചതായി കാണുന്നില്ല.

**എച്ച്) വാഹന സൗകര്യം**

ക്വട്ടേഷൻ മുഖേനയാണ് വാഹനം ഇതിനായി ഉപയോഗപ്പെടുത്തുന്നത്. മാസത്തിൽ 16 ദിവസം ഈ ആവശ്യത്തിനായി വാഹനം ഉപയോഗപ്പെടുത്തുന്നുണ്ട്. ഡ്രൈവർക്ക് 1200 രൂപ നിരക്കിൽ വേതനം നൽകുന്നുണ്ട്.

പി.എം.സി ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/26.10.2023) മറുപടി ലഭ്യമാക്കിയില്ല.

പി.എം.സി ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-20 ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകങ്ങൾ**

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി "വിദ്യാലയത്തിൽ ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കുവാനുള്ള അലമാര വാങ്ങൽ" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഫർണീച്ചറുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ

ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | 227/23-വിദ്യാലയത്തിൽ ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കുവാനുള്ള അലമാര വാങ്ങൽ |
| അടങ്കൽ | 100000 /- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 96194/- |
| ബിൽ നം/തീയതി | 4/31.03.2023 |

ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. PKD 483/22.03.2023 പ്രകാരം സ്കൂളിലേക്ക് 8 അലമാര ലഭ്യമായിട്ടുണ്ട്. തുക പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 37084134400) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖേന സമാഹരിക്കേണ്ടതാണെന്ന വ്യവസ്ഥ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്കൂളിലേക്ക് ആവശ്യമായ അലമാര GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല. GeM മുഖേന വാങ്ങുന്നതിന് സാങ്കേതിക തടസ്സം ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുമില്ല.

GeM മുഖേന പർച്ചേസ് നടത്താതിരുന്നതിനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/23.10.2023) ലഭ്യമാക്കിയ മറുപടിയിൽ തുടർന്നുള്ള വർഷങ്ങളിൽ GeM മുഖേന വാങ്ങുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്.

25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖേന വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 എസ്. സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പഠനം പൂർത്തിയാക്കിയവർക്ക് ലാപ്ടോപ്പ് നൽകി

| | |
|---|---|
| പ്രൊജക്ട് | 71/23<br>എസ്. സി പ്രൊഫഷണൽവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 30000 വികസന ഫണ്ട് (ജനറൽ )420000 വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് | 27200 വികസന ഫണ്ട് (ജനറൽ )420000 വികസന ഫണ്ട്(എസ്.സി.പി) |
| ബിൽ നം./തീയതി | 10/14.09.22- 344000<br>17/25.01.23- 76000<br>18/21.01.23 - 27200 |

മേൽ പദ്ധതി പ്രകാരം 13 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 447200 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

പദ്ധതി വാർഷിക പദ്ധതിയായി നടപ്പിലാക്കാതെ സ്പിൽ ഓവർ പദ്ധതിയായിട്ടാണ് നടപ്പിലാക്കിയിരിക്കുന്നത്.

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയതിൽ 3 വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കിയവരാണ്. വിദ്യാർത്ഥികളുടെ പഠനാവശ്യത്തിന് ഉപയോഗപ്രദമാകുന്ന തരത്തിൽ ലാപ്ടോപ്പ് നൽകുവാൻ ലക്ഷ്യമിട്ട ടി പദ്ധതിയിൽ പഠനം പൂർത്തീകരിച്ചതിനു ശേഷം ലാപ്ടോപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ 21/30.10.23 നമ്പർ

ഓഡിറ്റ് അന്വേഷണത്തിന് മുൻ വർഷം ലാപ്ടോപ്പ് നൽകുവാൻ സാധിക്കാത്തതിനാൽ ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ 3 വിദ്യാർത്ഥികൾക്കും ഈ വർഷത്തിൽ ലാപ്ടോപ്പ് നൽകിയതാണെന്നും, അവർ വീണ്ടും പഠനം തുടരുന്നുണ്ടെന്നും അറിയിച്ചു.

**ഓഡിറ്റ് നിർദേശം**

പഠനാവശ്യത്തിന് ലാപ്ടോപ്പുകൾ വാങ്ങി നൽകുമ്പോൾ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-22 റോഡിതര മെയിന്റനൻസ് ഗ്രാന്റ് അനുവദനീയമല്ലാത്ത ഇനങ്ങൾക്കായി ചെലവഴിച്ചു**

2022-23 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പ്രോജക്ട് ആവിഷ്കരിക്കുകയും, ഒരെണ്ണം 11661 രൂപ നിരക്കിൽ 5 കാനൺ ലേസർ പ്രിന്ററുകൾ വാങ്ങി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം./ പേര് | 85/23, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 92189 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 68800 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ബിൽ നമ്പർ / തീയതി | 12/1.09.2022 |

1) 04.06.22 ൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.118/22/എൽ.എസ്.ജി.ഡി- ലെ നിർദ്ദേശപ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ച് നടത്തുന്ന ഇത്തരം ചെലവുകൾ നെഗറ്റീവ് ലിസ്റ്റിലുൾപ്പെട്ട ഇനമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ഈ പദ്ധതി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ച് നടപ്പിലാക്കരുതെന്ന് നിർദേശം നൽകിയിട്ടുമുണ്ട്. ആയത് പരിഗണിക്കാതെ വീണ്ടും ഇതേ ചെലവ് ആവർത്തിച്ചിരിക്കുന്നത് സർക്കാർ നിർദേശത്തിന് വിരുദ്ധമാണ്.

2) വാങ്ങൾ നടത്തുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടുകയോ തീരുമാനം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3) വാങ്ങിയ പ്രിന്ററുകൾ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്തതായോ രേഖകളില്ല. 16.01.2016 ത.സ്വ.ഭ.വ എബി 2/703/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ടി നിർദേശം പാലിക്കാത്തതിന്റെ കാരണം, ടി ചെലവ് ഓഡിറ്റ് നിർദ്ദേശത്തിന് വിരുദ്ധമായി നടപ്പിലാക്കിയതിന്റെ കാരണം എന്നിവ വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ 7/25.10.23നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദേശം**

സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി, നെഗറ്റിവ് ലിസ്റ്റിലുൾപ്പെട്ട ചെലവിനങ്ങൾക്ക് റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കരുതെന്ന നിർദേശം കർശ്ശനമായും പാലിക്കേണ്ടതാണ്.

**1-23 തെരുവ് വിളക്ക് പരിപാലനം- കാര്യക്ഷമമാക്കേണ്ടതാണ്**

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ്

നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിലെ സ്ട്രീറ്റ് ലൈറ്റുകളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും, നിലവിൽ ഓർഡിനറി ബൾബ്, സോഡിയം വേപ്പർ ലാമ്പ് എന്നിവ ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടോ എന്നീ വിവരങ്ങളും വ്യക്തമാക്കിയിട്ടില്ല.

തെരുവ് വിളക്കുകളുടെ താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്നു എന്ന നിഗമനത്തിലാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നത്. ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലായി പ്രവർത്തനാക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

തൻവർഷം ബിൽ രജിസ്റ്റർ പ്രകാരം വൈദ്യൂതി ചാർജ്ജിനത്തിൽ ശരാശരി 772188 രൂപ ഒടുക്കിയിട്ടുണ്ട്.
2022-23 ലെ തെരുവു വിളക്കുകളുടെ പരിപാലനത്തിനായി താഴെ കൊടുത്ത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|
| തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ | 143558 |
| തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ ( SO) | 246000 |
| ആകെ | 389558 |

ഈ വർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് വേണ്ടി ഏകദേശം 3.89 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
തെരുവ് വിളക്ക് സാമഗ്രികൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, തെരുവ് വിളക്ക് പരാതി രജിസ്റ്റർ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്ത് അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും സംയുക്ത പരിശോധനയിലൂടെ പഞ്ചായത്തിന്റെ പ്രവൃത്തനക്ഷമമായവയും, അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടെ തെരുവ് വിളക്ക് പരിപാലനത്തിന് പ്രതിവർഷം ചെലവിനത്തിൽ വർദ്ധനവ് വരുന്നത് കുറയ്ക്കുവാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (24/31.10.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ടുള്ള അപാകങ്ങൾ പരിഹാരിക്കാനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്ത് അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള പ്രവർത്തനക്ഷമമായവയും, അല്ലാത്തവയുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തേണ്ടതാണ്.
- എൽ.ഇ.ഡി ലാമ്പുകൾ ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതും ആയതിനാൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നൽകി വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കി വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായവ വാങ്ങാവുന്നതാണ്.
- വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകൾ വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

- തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/തസ്വഭവ തിയതി 15.9.2011 ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിലാവ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.
- തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടി വവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ക്ഷേമ പെൻഷൻ - ഗുണഭോക്താക്കളുടെ നിലവിലെ സ്റ്റാറ്റസ് കാലികമാക്കിയിട്ടില്ല.

2022-23 ലെ മരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ , സേവനാ പോർട്ടലിലെ വിവരങ്ങൾ എന്നിവ ഒത്തുനോക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ഗുണഭോക്താവിന്റെ മരണശേഷവും സേവനാ പോർട്ടലിലെ പെൻഷൻ സ്റ്റാറ്റസ് ആക്റ്റിവായി നിലനിൽക്കുന്നു. ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐ.ഡി | വിതരണം മുടങ്ങിയ മാസം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ചക്കി | 108190600698 | 12/2022 | മരണപ്പെട്ടു |
| 2 | രാമൻ വി.പി | 108190203028 | 1/23 | ഡിസീസ്ഡ് |

2. കാളി എന്ന ഗുണഭോക്താവിന്റെ ആധാർ നമ്പറിൽ (654255937227) രണ്ട് പെൻഷൻ ഐ.ഡി കളാണ് (108190200584 & 108190200676) കാണുന്നത്. ഇതിൽ ഒരെണ്ണം ആക്റ്റിവ് സ്റ്റാറ്റസും, മറ്റൊന്ന് സസ്പെന്റുമാണ് കാണിക്കുന്നത്. യഥാർത്ഥ സ്ഥിതി പരിശോധിച്ച് പെൻഷൻ അർഹത ഉറപ്പ് വരുത്തേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നമ്പർ 25/ 31.10.23 ന് മറുപടി ലഭ്യമാക്കിയില്ല.

മരണപ്പെട്ടവരുടെയും, പെൻഷൻ മാസങ്ങളായി മുടങ്ങിയവരുടെയും നിലവിലെ സ്ഥിതി പരിശോധിച്ച് കാലികമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 അങ്കണവാടി നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് | 276/23<br>മലപ്പുറം 116-ാം നമ്പർ അംഗൺവാടി നിർമ്മാണം തുക കൈമാറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 100000- തനത് ഫണ്ട് |
| ചെലവ് | 100000- തനത് ഫണ്ട് |
| ബിൽ നം./തീയതി | 313/23-02-23 |

സ്വന്തമായി സ്ഥലസൗകര്യമുണ്ടായിട്ടും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് അങ്കണവാടി കെട്ടിടങ്ങൾ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് 5 ലക്ഷം, ഗ്രാമ പഞ്ചായത്ത് 1 ലക്ഷം, ബ്ലോക്ക് പഞ്ചായത്ത് 2ലക്ഷം എം.ജി.എൻ.ആർ.ഇ. ജി.എസ് ഷെയർ 5 ലക്ഷം, സാമൂഹ്യ നീതി വകുപ്പിന്റെ 2 ലക്ഷം എന്ന രീതിയിലാണ് പദ്ധതി വെച്ചിട്ടുള്ളത്. പഞ്ചായത്ത് വിഹിതമായി എം.ജി.എൻ.ആർ.ഇ. ജി.എസ് സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ , തിരുവനന്തപുരത്തിലെ എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് (നം.799011400000486) 1 ലക്ഷം കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ 11/26.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി

ലഭ്യമാക്കിയില്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-26 വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ -വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല**

വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് KSEB വല്ലപ്പുഴ ഇലക്ട്രിക്കൽ സെക്ഷനിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| 1 | 252/23 | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 250/25.01.23 | 24718 |
| | | | 312/23.02.23 | 62321 |
| | | | 501/29.03.23 | 22272 |
| | | | 507/29.03.23 | 40689 |
| | | | | 150000 |

ടി പ്രവൃത്തി നിർവ്വഹിക്കുവാനായി കെ.എസ്.ഇ.ബിയുമായി കരാർ ഉടമ്പടി വെച്ചിട്ടില്ല. 150000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 09/26.10.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-27 വനിത ജിംനേഷ്യം - തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്**

| | |
|---|---|
| പ്രൊജക്ട് | 322/23<br>വനിത ജിംനേഷ്യം തുക കൈമാറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 500000 തനത് ഫണ്ട് |
| ചെലവ് | 500000 തനത് ഫണ്ട് |
| ബിൽ നം./തീയതി | 425/23-03-23 |

വനിത ജിംനേഷ്യം എന്ന പദ്ധതിക്ക് പഞ്ചായത്ത് വിഹിതമായി 5 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് (നം.79901140002200)കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 12/26.10.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-28 കോക്ലിയർ ഇംപ്ലാൻറ്റേഷൻ തുടർ ചികിത്സ ധനസഹായം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

പ്രോജക്ട് നമ്പർ 220/23

പ്രോജക്ട് - കോക്ലിയർ ഇംപ്ലാൻറ്റേഷൻ തുടർ ചികിത്സ ധനസഹായം

അടങ്കൽ - 100000 വികസന ഫണ്ട് (ജനറൽ)

ചെലവ് - 100000 വികസന ഫണ്ട് (ജനറൽ)

നിർവ്വഹണം - സെക്രട്ടറി

ബിൽ നമ്പർ - 24/03.12.22

കോക്ലിയർ ഇംപ്ലാൻറ്റേഷൻ തുടർ ചികിത്സ ധനസഹായം നൽകുവാനായി വികസന ഫണ്ടിൽ നിന്നും 100000 രൂപ കേരള സോഷ്യൽ സെക്യൂറിറ്റി മിഷന്റെ 70101140000134 അക്കൌണ്ട് നമ്പരിലേക്ക് കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 13/26.10.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 SCP വിഭാഗത്തിൽ ഉൾപ്പെടുത്തി പശ്ചാത്തല മേഖലയിൽ തൻവർഷം പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല

തൻവർഷം SCP ഫണ്ടിനത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി യാതൊരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. നിലവിൽ 48 SCകോളനികൾ ഉള്ള പഞ്ചായത്തിൽ അടിസ്ഥാനവികസനത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.23/31-10-2023 ന് മറുപടി ഒന്നും ലഭിച്ചില്ല.

**ഓഡിറ്റ് നിർദ്ദേശം**

പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ പട്ടികജാതി വിഭാഗങ്ങൾക്ക് പശ്ചാത്തല മേഖലയിൽ അർഹമായ പരിഗണന നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

റോഡ്-റോഡിതര സംരക്ഷണ ഫണ്ടും ആവശ്യമെങ്കിൽ തനത് ഫണ്ടും വകയിരുത്തി ആസ്തികളുടെ സംരക്ഷണത്തിന് പഞ്ചായത്ത് തലത്തിൽ സമഗ്രമായ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. റോഡ്-റോഡിതര സംരക്ഷണ ഗ്രാന്റിനത്തിൽ തൻ വർഷം ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 8831000 | 7888260 | 89.32 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 5075000 | 3810521 | 75.08 |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക,സേവനം നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ വിഭാവനത്തിന്റെ ലക്ഷ്യം. പഞ്ചായത്ത് ഓഫീസിന് മാത്രമാണ് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. എന്നാൽ, പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന് പ്രോജക്ടുകൾ ആവിഷ്ക്കരിച്ചതിലും നടപ്പിലാക്കിയതിലും ആകെ ചെലവിലും പ്രതിഫലിക്കുന്നുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.23/31-10-2023 ന് മറുപടി ഒന്നും ലഭിച്ചില്ല.

**ഓഡിറ്റ് നിർദ്ദേശം**

സമഗ്രമായ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-31 കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം - അവലോകനം

ഗ്രാമപഞ്ചായത്തിൽ തൻവർഷം കാർഷിക മേഖലയിൽ 30 പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. പുഷ്പകൃഷി വികസനം,നാളേക്കായി ഒരു തണൽ എന്ന പദ്ധതിയിലുൾപ്പെടുത്തി ഫലവൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ, വേനൽക്കാല പച്ചക്കറി കൃഷി പ്രോത്സാഹനം, വല്ലപ്പുഴ-എന്റെ ഔഷധത്തോട്ടം, സുസ്ഥിര പച്ചക്കറി വികസനം, എന്നിവ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ വളരെയധികം വിജയംകൈവരിച്ച പദ്ധതികളിൽ ചിലതാണ്.

കാർഷിക മേഖലയ്ക്ക് ആവശ്യമായ തുക വിനിയോഗിക്കുന്നതിലും വ്യത്യസ്ത കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിലും കർഷകർക്ക് വരുമാനമുണ്ടാക്കിക്കൊടുക്കുന്നതിലും ഊന്നൽ നൽകിയ ഗ്രാമപഞ്ചായത്തിന് 2022 ൽ മികച്ച കാർഷിക പ്രവർത്തനം നടത്തിയ തദ്ദേശ സ്ഥാപനത്തിനുള്ള സംസ്ഥാന പുരസ്കാരം ലഭിക്കുകയുണ്ടായി.

തരിശുഭൂമിയിൽ നെൽകൃഷി വ്യാപിപ്പിക്കൽ,പുതിയ കൃഷിരീതികൾ പരിചയപ്പെടുത്തൽ, കർഷകരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ ആഴ്ചചന്ത, എന്നിവ വളരെ വിജയപ്രദമായി നടപ്പിലാക്കി.

നമുക്കൊരുക്കാം സുരക്ഷിത തീൻമേശകൾ - പച്ചക്കറി തൈവിതരണം,പോട്ടിംഗ് മിശ്രിതം നിറച്ച തൈകൾ ഉൾപ്പെടെയുള്ള ചെടിച്ചട്ടികളുടെ വിതരണം എന്നീ പദ്ധതികളിലൂടെ എല്ലാ മേഖലയിലുള്ള ജനങ്ങളേയും പച്ചക്കറി കൃഷിയിലേക്കിറങ്ങാൻ പ്രചോദനം നൽകുകയുണ്ടായി.

കാർഷിക കർമ്മസേന 2019ജൂൺ മാസം മുതൽ ഗ്രാമപഞ്ചായത്തിൽപ്രവർത്തനം ആരംഭിച്ചു. ഇവരുടെ പ്രവർത്തനം വളരെ മികവുറ്റതാണ്. വിവിധ പാടശേഖരങ്ങളിലെ തരിശുഭൂമി തരിശ് മാറ്റി കൃഷി ഭൂമിയാക്കി മാറ്റി. നെല്ല്, പച്ചക്കറി എന്നിവ വ്യാപകമായി നിലവിൽ ഈ പ്രദേശത്ത് കൃഷി ചെയ്തുവരുന്നു. കൃഷി ഓഫീസർ നോഡൽ ഓഫീസറായി 15 പേരടങ്ങുന്ന കാർഷിക കർമ്മസേന എല്ലാവിധ നൂതന കാർഷിക സാങ്കേതിക വിദ്യ നൈപുണ്യം നേടിയവരായതിനാൽ ഈമേഖലയിലെ കൃഷിക്കാർക്ക് പുതിയ കൃഷിരീതികൾ പരിചയപ്പെടുത്തുകയും അതിലൂടെ കൃഷി ആകർഷകവും ലാഭകരവുമായ ഒരു സംരംഭമാക്കി മാറ്റാനുള്ള ശ്രമങ്ങൾ വളരെ വിജയപ്രദമായി നടപ്പിലാക്കുവാനും സാധിച്ചു.

ഉത്പാദന മേഖലയിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ എല്ലാ പ്രോജക്ടുകളും വളരെ മാതൃകാപരവും പ്രോജക്ടുകളുടെ നിർവ്വഹണത്തിന് നേതൃത്വം നൽകിയ കൃഷിഭവൻ ജീവനക്കാരുടെ സേവനം അഭിനന്ദനാർഹവുമാണ്.

### 1-32 ഫർണീച്ചറുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി "ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററിൽ ആവശ്യമായ രോഗനിർണയ സൌകര്യം ഒരുക്കൽ" എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | 247/23- ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററിൽ ആവശ്യമായ രോഗനിർണയ സൌകര്യം ഒരുക്കൽ |
| അടങ്കൽ | 118981 /- (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 96702/- (Directly Credit To Bank) |

ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 6670/03.03.2023 പ്രകാരം ആരോഗ്യകേന്ദ്രത്തിലേക്ക് 3 അലമാര, 3 സ്റ്റീൽടേബിൾ, 3 ഫൈബർ ചെയർ എന്നിവ ലഭ്യമായിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് ബിൽ ആണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.തുക പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 37084134400) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖേന സമാഹരിക്കേണ്ടതാണെന്ന വ്യവസ്ഥ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യകേന്ദ്രത്തിലേക്ക് ആവശ്യമായ ഫർണീച്ചറുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല. GeM മുഖേന വാങ്ങുന്നതിന് സാങ്കേതിക തടസ്സം ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുമില്ല.ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനം മുഖേന നേരിട്ടാണ് പർച്ചേസ് നടത്തിയിരിക്കുന്നത്.

GeM മുഖേന പർച്ചേസ് നടത്താതിരുന്നതിനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/26.10.2023) മറുപടി ലഭ്യമാക്കിയില്ല.

25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖേന വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 വീട് വാസയോഗ്യമാക്കൽ - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ ജനറൽ -വനിത എന്ന പദ്ധതി പ്രകാരം മുൻവർഷത്തെ വീട് നവീകരണം പൂർത്തീകരിച്ചിട്ടില്ല. വീട് നവീകരണം പൂർത്തീകരിക്കുവാനുള്ള ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | നബീസ,വല്ലപ്പുഴ | 14000 | 05.03.2022 |
| 2 | ബേബി,വല്ലപ്പുഴ | 14000 | 05.03.2022 |
| 3 | പ്രേമലത,വല്ലപ്പുഴ | 14000 | 05.03.2022 |
| 4 | സൈനബ,വല്ലപ്പുഴ | 14000 | 05.03.2022 |
| 5 | പാർവ്വതി,വല്ലപ്പുഴ | 14000 | 05.03.2022 |
| 6 | മാധവി,വല്ലപ്പുഴ | 14000 | 08.03.2022 |
| 7 | ആയിഷ,വല്ലപ്പുഴ | 14000 | 08.03.2022 |

വീട് വാസയോഗ്യമാക്കുന്നതിനായി ആകെ തുകയായ 28000/- രൂപയിൽ ആദ്യ ഗഡുവായി 14000/- രൂപ കൈപ്പറ്റി എങ്കിലും ഇതുവരെയായി വീട് നവീകരണം പൂർത്തിയായിട്ടില്ല. ഗുണഭോക്താക്കൾ വീട് നവീകരണം പൂർത്തീകരിക്കാനും അടുത്ത ഗഡു കൈപ്പറ്റാനും വൈകിയതിനുള്ള സാഹചര്യം സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/27.10.2023) മറുപടി ലഭ്യമാക്കിയില്ല. വീട് നവീകരണം പൂർത്തീകരിക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-34 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ വിവിധ ഫേസുകളിലായി ആകെ 161 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുള്ളതിൽ 45 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിർമ്മാണം ആരംഭിച്ച വർഷം | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ആയിഷ W/o നൗഫൽ, കരിമ്പറ്റ, വല്ലപ്പുഴ | 2019-20 | 300000 | 20.03.2020 |

| | | | | |
|---|---|---|---|---|
| 2 | ഫൌസിയ W/o മുഹമ്മദ്ബാബു, കല്ലേക്കാട്ടിൽ, വല്ലപ്പുഴ | 2019-20 | 300000 | 16.01.2021 |
| 3 | ബിന്ദു W/oരാജൻ, രാരംകണ്ടത്ത് പടി, വല്ലപ്പുഴ | 2020-21 | 360000 | 15.03.2023 |
| 4 | വേശ്രുW/oരാമൻകുട്ടി, ചെറുകോട്, വല്ലപ്പുഴ | 2020-21 | 264000 | 30.07.2021 |
| 5 | പ്രിയW/o ഗിരീഷ്, പുളിയമ്പറ്റ, വല്ലപ്പുഴ | 2021-22 | 360000 | 12.01.2023 |
| 6 | സിന്ധു W/o ചന്ദ്രബാബു, രാരംകണ്ടത്ത്, വല്ലപ്പുഴ | 2021-22 | 360000 | 08.08.2023 |
| 7 | അജിത W/o സുരേന്ദ്രൻ കണ്ടാംവീട്ടിൽ,വല്ലപ്പുഴ | 2021-22 | 360000 | 12.01.2023 |
| 8 | സിത്താര W/o രതീഷ്, കുറുവട്ടൂർ, വല്ലപ്പുഴ | 2021-22 | 333500 | 12.01.2023 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/27.10.2023) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

**1-35 ഹോമിയോ ആശുപത്രിയിലേക്ക് മുഴവൻ മരുന്നുകളും ലഭ്യമായിട്ടില്ല**

പ്രോജക്ട് നം. 34/23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ

അടങ്കൽ - 4,00,000 /-(മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ചെലവ് - 4,00,000 /- രൂപ

ബിൽ നമ്പർ - 1/2022-23തീയതി 26/10/22

ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പ്രോജക്ട് പ്രകാരം PF-441/28-09-2022 നം. പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 4,00,000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (HOMCO) നൽകിയിട്ടുണ്ട് (A/c No. 34306403911). എന്നാൽ രേഖകൾ പരിശോധിച്ചതിൽ നാളിതുവരെ 2,74,819/- രൂപയുടെ മരുന്നുകളാണ് (LF-451 തീ 5-07-2023 പ്രകാരം 1,53,629/- രൂപയ്ക്കുള്ള മരുന്നുകളും LF-1346 തീ 13-09-2023 പ്രകാരം 1,21,190/- രൂപയ്ക്കുള്ള മരുന്നുകളും) ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള (1,25,181/- രൂപ) മരുന്നുകൾ ലഭ്യമായിട്ടില്ല.(ഓഡിറ്റ് അന്വേഷണം 5/25/10/23)

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാക്കി മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഒറ്റപ്പാലം | 2022-23 | 105000 | പച്ചക്കറി കൂലിച്ചെലവ് സബ്സിഡി (68/22-23) | 105000 | 0 |
| | 2022-23 | 575000 | സുസ്ഥിര നെൽകൃഷി വികസനം- മുണ്ടകൻ (157/22-23) | 575000 | 0 |
| | 2022-23 | 300000 | പയറു വർഗ്ഗ കൃഷി(210/22-23) | 300000 | 0 |
| | 2022-23 | 320000 | ലൈഫ് മിഷൻ തുക വക യിരുത്തൽ-SC (194/22-23) | 320000 | 0 |
| | 2022-23 | 390000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക സ്കോളർഷിപ്പ് (165/22-23) | 390000 | 0 |
| | 2022-23 | 125000 | ക്ഷീര കർ ഷകർക്ക് പാലിന് സബ്സിഡി (218/22-23) | 125000 | 0 |
| | --- | 4,91,981 | വിശദാംശങ്ങൾ ലഭ്യമല്ല | | 4,91,981 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2022-23 | 100000 | ക്ഷീര കർ ഷകർക്ക് പാലിന് സബ്സിഡി (218/22-23) | 100000 | 0 |
| | 2022-23 | 872916 | സുസ്ഥിര നെൽകൃഷി വികസനം- മുണ്ടകൻ (157/22-23) | 872916 | 0 |
| | 2022-23 | 225000 | സുസ്ഥിര | 225000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നെൽകൃഷി വികസനം-മുണ്ടകൻ-SC (163/22-23) | | |
| | 2022-23 | 130000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക സ്കോളർഷിപ്പ് (165/22/23) | 130000 | 0 |
| | -- | 3,731 | വിശദാംശങ്ങൾ ലഭ്യമല്ല | | 3,731 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| 1 | 252/23 | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 24718 | 0 | 24718 |
| | | | 62321 | 0 | 62321 |
| | | | 22272 | 0 | 22272 |
| | | | 40689 | 0 | 40689 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം വായ്പ തുക | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | - | 4475665 | 1163624 | 0 | 3312041 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ--

ഒന്നുമില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 20364446 |
| ഓഡിറ്റ് വർഷത്തെ വരവ് | 42907106 |
| ആകെ | 63271552 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 39184020 |
| നീക്കിയിരിപ്പ് | 24087532 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക-

ഒന്നുമില്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഒന്നുമില്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSAPKD16/1614/2022/02.12.2022 | Report Closed |
| 1997-98 | KSAPKD16/1614/2022/02.12.2022 | 1<br>(24) |
| 1998-99 | KSAPKD16/1614/2022/02.12.2022 | 1<br>(3-3) |
| 1999-00 | KSAPKD16/1614/2022/02.12.2022 | 2<br>(3-2, 3-3) |
| 2000-01 | KSAPKD16/1614/2022/02.12.2022 | 3<br>(2-2, 3-3, 3-3) |
| 2001-02 | KSAPKD16/1614/2022/02.12.2022 | 1<br>(3-2) |
| 2002-03 | KSAPKD16/1614/2022/02.12.2022 | 2<br>(3-1, 3-2) |
| 2003-04 | KSAPKD16/1614/2022/02.12.2022 | 3<br>(3-3, 3-5, 3-6) |

| | | |
|---|---|---|
| 2004-05 | KSAPKD16/1614/2022/02.12.2022 | 1<br>(3-9) |
| 2005-06 | KSAPKD16/1614/2022/02.12.2022 | 2<br>(2-4,3-7) |
| 2006-07 | KSAPKD16/1614/2022/02.12.2022 | 3<br>(3-7,3-8,3-9) |
| 2007-08 | KSAPKD16/1614/2022/02.12.2022 | 4<br>(3-6,3-7,3-8,3-9) |
| 2008-09 | KSAPKD16/1614/2022/02.12.2022 | 7<br>(2-1, 2-2, 3-5,<br>3-6, 3-9, 3-11,3-12) |
| 2009-10<br>2010-11 | KSAPKD16/1614/2022/02.12.2022 | 13<br>(2-3c, 3-2, 3-5, 3-6, 3-7,<br>3-8,3-9, 3-10, 3-11, 3-12(2),<br>3-15, 3-16, 3-19) |
| 2011-12 | KSAPKD16/1614/2022/02.12.2022 | 6<br>(2-5, 2-6, 3-2, 3-5, 3-7,<br>3-9) |
| 2012-13<br>2013-14<br>2014-15 | KSAPKD16/1614/2022/02.12.2022 | 29<br>(2-3, 2-4,2-5, 2-7, 2-8,<br>3-1,3-5,3-6, 3-7, 3-8, 3-10,<br>3-11,3-12, 3-13, 3-14,3-18,<br>3-20,3-21, 3-23, 3-24,<br>3-25,3-26, 3-27, 3-28,<br>3-29, 3-30, 3-31) |
| 2015-16 | KSAPKD16/1614/2022/02.12.2022 | 7<br>(2-1, 2-2, 2-4, 3-2, 3-4,<br>3-6, 3-8) |
| 2016-17 | KSAPKD16/1614/2022/02.12.2022 | 16<br>(2-1, 2-3, 3-1, 3-3, 3-5,<br>3-6, 3-9,3-11, 3-17, 3-18,<br>3-19, 3-20, 3-21, 3-22,<br>3-23, 3-25) |
| 2017-18 | KSAPKD16/1614/2022/02.12.2022 | 4<br>(2-6, 3-1, 3-7, 3-10) |
| 2018-19 | KSAPKD16/1614/2022/02.12.2022 | 10<br>(1-12, 1-13, 1-14, 1-15, 1-17,<br>1-18, 1-19, 1-20, 1-21, 1-27) |
| 2019-20 | നമ്പർ കെ.എസ്.എ-പികെഡി-16-1269/ 2022 തീയതി 07/07/2022 | മുഴുവൻ ഖണ്ഡികകളും |
| 2020-21 | നമ്പർ കെ.എസ്.എ-പികെഡി-16-1270/ 2022 തീയതി 07/07/2022 | മുഴുവൻ ഖണ്ഡികകളും |
| 2021-22 | നമ്പർ കെ.എസ്.എ-പികെഡി-P16/565/2023 തീയതി19/04/2023 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 05-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vallapuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vallapuzha Grama Panchayat for the year 2022-2023

**Date: 13/12/2023**

**Deputy Director**
**District Office Palakkad**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Vallapuzha Grama Panchayat for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1. Deposit & Advance Registers are not maintained.
2. MGNREGS- Administrative expense allotment taken twice in Income & Expenditure schedule (I-6).
3 Loan Register not maintained.
4. Cash flow statement is incorrect.
5.Secretary has not closed and signed in License & Rent Register abstract. Profession Tax (employees) register not reconciled with AFS.
6.The following mandatory financial statements prescribed in accounting rules are not submitted for audit - Ratios & Notes to accounts

7.Unspent amount in joint Venture project (Block share) (B-4) is Rs.491981/- & District Panchayat share Rs 3731/-. But the amount is not reflected in Joint Venture Account shown in RP40(b) and B17 schedule.

8. Asset Register is not updated and linked with ILGMS. Hence the figures shown against assets in Balance Sheet could not be ascertained.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ഓഡിറ്റ് ചെയ്ത വരവ് ചെലവ് പത്രികകളുടെ സംക്ഷിപ്തം

### 1) INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6587815.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 541165.00 |
| 140000000 | Fee & User Charges | I-4 | 1203679.00 |
| 150000000 | Sale & Hire Charges | I-5 | 39463.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 125106512.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 269524.00 |
| 180000000 | Other Income | I-9 | 2786.00 |
| 190000000 | Prior Period Income | I-19 | 146460.00 |
| | Total Income | | 133750944.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11552302.00 |
| 220000000 | Administrative Expenses | I-11 | 1073757.00 |
| 230000000 | Operations & Maintenance | I-12 | 1530905.00 |
| 240000000 | Interest & Finance Charges | I-13 | 1122.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8616954.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 23539417.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 9113145.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 17661014.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 52578880.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1614505.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 6556518.00 |
| | Total Expenditure | | 133838519.00 |
| | Gross Surplus / Deficit of income over Expenditure | | -87575.00 |
| | Gross Surplus / Deficit of income over Expenditure | | -231890.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 290775.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -144315.00 |

## 2) RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20110284.00 |
| Cash | Cash | RP-40(a) | 254162.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 938260.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 140000000 | Fees & User Charges | RP-4 | 949343.00 |
| 150000000 | Sale & Hire Charges | RP-5 | 39463.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14025000.00 |
| 171000000 | Interest Earned | RP-9 | 269524.00 |
| 190000000 | Prior Period Income | RP-11 | 87394.00 |
| 311000000 | Earmarked Funds | RP-28 | 891.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13068979.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 12632345.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2786.00 |
| 340000000 | Deposits Received | RP-33 | 101548.00 |
| 350000000 | Other Liabilities | RP-35 | 790573.00 |
| | Grand total | | 63271552.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 16180.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 200000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-45 | 10765734.00 |
| 460000000 | Loans, Advances and Deposits | RP-49 | 111000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 318700.00 |
| 350000000 | Other Liabilities | RP-35 | 27772406.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23970228.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 117304.00 |
| | Grand Total | | 63271552.00 |

## 3) BALANCE SHEET As on 31-March-2023

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 36562988.60 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 31290.00 |
| 312000000 | Reserves | B-3 | 42217691.00 |
| | Total Reserve & Surplus | | 78811969.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13129999.00 |
| | Total Grants, Contributions for Specific Purposes | | 13129999.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 3312041.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 3312041.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 847443.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2237801.40 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3085244.40 |
| | TOTAL LIABILITIES | | 98339254.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 162963.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 238372.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8629035.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 76996929.00 |
| 416000000 | Accumulated Depreciation | B-11(a) | -29602542.00 |
| | Total Fixed Assets | | 56424757.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 13096305.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 3313074.00 |
| 450000000 | Cash and Bank Balance | B-17 | 24087532.00 |
| 460000000 | Loans, Advances and Deposits | B-18 | 1417586.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 41914497.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 98339254.00 |

DEPUTY DIRECTOR